# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 550** **07.01.2014-ലെ മറുപടിക്ക്**

**വായ്പ വാങ്ങിയുള്ള ചെലവാക്കൽ**

| | ചോദ്യം<br><br>ശ്രീ. ബി.ഡി. ദേവസ്സി | ഉത്തരം<br><br>ശ്രീ. കെ.എം. മാണി<br>ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
|---|---|---|
| (എ) | ഈ സർക്കാർ ഇതിനകം മൊത്തം എത്ര കോടി രൂപയുടെ വായ്പ വാങ്ങുകയുണ്ടായി ; ഏതെല്ലാം നിലയിൽ എന്ത് തുക വീതം ; പ്രസ്തുത തുകയിൽ എത്ര ശതമാനം തുക മൂലധന നിക്ഷേപത്തിനായി മാത്രം ഉപയോഗിക്കുകയുണ്ടായി ; പ്രത്യുൽപാദനപരമല്ലാത്ത ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടിവന്ന തുക എത്രയാണെന്ന് വ്യക്തമാക്കാമോ ? | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 31.12.2013 വരെ പൊതുവിപണിയിൽ നിന്നും 30163 കോടി രൂപയും, ദേശീയ ലഘുസമ്പാദ്യ പദ്ധതിയിൽ നിന്നും 737.32 കോടി രൂപയും, നബാർഡിൽ നിന്നും 1072.70 കോടി രൂപയും വായ്പയായി ലഭിച്ചിട്ടുണ്ട്. കൂടാതെ വിദേശ ഏജൻസികളിൽ നിന്നും 31.10.2013 വരെ 1184.99 കോടി രൂപയും ഉൾപ്പെടെ മൊത്തം 33158.01 കോടി രൂപയുടെ വായ്പയെടുക്കുകയുണ്ടായി. ഇതിൽ 13300 കോടിയോളം രൂപ മൂലധനച്ചെലവുകൾക്കായി വിനിയോഗിച്ചു.<br>വായ്പ എടുത്ത മുഴുവൻ തുകയും Consolidated fund ൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. Consolidated fund ൽ മറ്റു വരുമാനങ്ങളും ഉൾപ്പെടുന്നതുകൊണ്ട് വായ്പ എടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി, എത്ര ശതമാനം വിനിയോഗിക്കപ്പെട്ടെന്ന് വേർതിരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ